# സ്ട്രോംഗ് മൈൻഡ്സ് വെസ്റ്റേൺ NSW

**മാനസികാരോഗ്യവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി നൽകുന്ന സേവനങ്ങൾ ഓസ്ട്രേലിയയിലെ ഭാഷാ-സാംസ്കാരിക ബഹുസ്വര സമൂഹത്തിലേക്ക് എത്തിച്ചേരുന്നു എന്നുറപ്പാക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. നിങ്ങളുടെ മാനസിക സൗഖ്യം ഉറപ്പാക്കുന്നതിനായി, സംസ്കാരത്തിന് അനുയോജ്യമായ രീതിയിലുള്ള സേവനങ്ങൾ നൽകാൻ ഞങ്ങളുടെ ചികിത്സകർ പ്രാപ്തരാണ്.**

ന്യൂ സൗത്ത് വെയിൽസിന്റെ ഉൾനാടൻ പ്രദേശങ്ങളിലും വിദൂരമേഖലകളിലും ജീവിക്കുന്ന, 12 വയസിനു മുകളിലുള്ളവർക്ക് സൗജന്യവും ഫലപ്രദവുമായ മാനസികാരോഗ്യസഹായം നൽകുന്ന സേവനമാണ് സ്ട്രോംഗ് മൈൻഡ്സ് NSW

## എങ്ങനെയാണ് സ്ട്രോംഗ് മൈൻഡ്സ് NSWന്റെ സേവനം ലഭിക്കുന്നത്?

ഈ സേവനം ലഭ്യമാകാൻ:

- ഒരു മാനസികാരോഗ്യ ചികിത്സാ പദ്ധതി (Mental Health Treatment Plan) തയ്യാറാക്കാൻ നിങ്ങളുടെ GPയോട് ആവശ്യപ്പെടുക
- marathonhealth.com.au/strong-minds- western ൽ ലഭ്യമായ റെഫറൽ പൂരിപ്പിച്ച്, മാനസികാരോഗ്യ ചികിത്സാ പദ്ധതിക്കൊപ്പം അയയ്ക്കാൻ GPയോട് പറയുക. മാരത്തോൺ ഹെൽത്തിന്റെ സെൻട്രലൈസ്ഡ് ഇൻടേക് ഇമെയിലായ mental.health@marathonhealth.com.au ലേക്കാണ് ഇത് അയക്കേണ്ടത്.
- 12 വയസിൽ താഴെയുള്ള കുട്ടികൾക്ക്, മാനസികാരോഗ്യ ചികിത്സാ പദ്ധതിക്ക് പകരം ഒരു ബാല ചികിത്സാ പദ്ധതി (Child Treatment Plan) അയയ്ക്കാം. കുട്ടിയുടെ മാതാപിതാക്കളോ രക്ഷിതാവോ ഇത് ഒപ്പിട്ടിരിക്കണം.

## മാരത്തോൺ ഹെൽത്തിനെക്കുറിച്ച്

സമൂഹത്തിൽ മികച്ച ആരോഗ്യവും ക്ഷേമവും ഉറപ്പാക്കാൻ സഹായിക്കുക എന്ന ആശയത്തോടെ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു അംഗീകൃത ജീവകാരുണ്യസ്ഥാപനമാണ് മാരത്തോൺ ഹെൽത്ത്. സാമൂഹ്യ പങ്കാളിത്തത്തോടെ ആരോഗ്യ-ക്ഷേമ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതും ലഭ്യമാക്കുന്നതും ലക്ഷ്യമിട്ട്, ഉൾനാടൻ ഓസ്ട്രേലിയ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അപൂർവം സ്ഥാപനങ്ങളിലൊന്നാണ് ഞങ്ങൾ. എവിടെ ജീവിക്കുന്നവർക്കും ഒരേ ഗുണനിലവാരമുള്ള ആരോഗ്യസേവനങ്ങൾ ലഭിക്കണം എന്ന ലക്ഷ്യത്തിനു വേണ്ടിയാണ് ഞങ്ങൾ ശ്രമിക്കുന്നത്.

## സ്ട്രോംഗ് മൈൻഡ്സ് NSWനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്

ഫോൺ: 6826 5271

ഇമെയിൽ: mental.health@marathonhealth.com.au

ഇത് മാനസികാരരോഗ്യ പ്രതിസന്ധി ഘട്ടങ്ങളിൽ നൽകുന്ന സേവനം അല്ല. പ്രതിസന്ധി ഘട്ടങ്ങളിൽ സഹായത്തിന് മെന്റൽ ഹെൽത്ത് ലൈനെ 1800 011 511 ൽ വിളിക്കുക. ജീവൻ അപകടത്തിലാണെങ്കിൽ ഉടൻ ട്രിപ്പിൾ സീറോ (000) വിളിക്കുക.

ഓസ്ട്രേലിയൻ സർക്കാരിന്റെ PHN പദ്ധതിയിലൂടെ, വെസ്റ്റേൺ NSW PHN ഫണ്ടിംഗ് ഇതിന് ലഭിക്കുന്നുണ്ട്.

**1300 402 585** **marathonhealth.com.au**

ഈ പദ്ധതിക്ക് ധനസഹായം നൽകുന്നത്:

phn WESTERN NSW

An Australian Government Initiative

marathon health

Better healthcare. closer to home